നം. സി.ഇ.ഇ/2424/09/സി.എ,പി.-2010/റ്റി.എ.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2010 : നാലാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

2010 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട അലോട്ടുമെന്റിലേക്ക്, വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സ്/ കോളേജിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **15.07.2010 മുതൽ 17.07.2010 വരെ** സൗകര്യം നൽകിയിരുന്നു. നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള നാലാം ഘട്ട അലോട്ടുമെന്റ് **19.07.2010 (തിങ്കളാഴ്ച) www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിർദ്ദേശിച്ചിട്ടുള്ള തുക വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **ജൂലൈ 20, 21 തീയതികളിൽ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്ന്/രണ്ട്/മൂന്ന്/നാല് ഘട്ട അലോട്ടുമെന്റുകൾ പ്രകാരം അലോട്ടുമെന്റ് ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ചുവടെ ചേർത്തിട്ടുള്ള ഷെഡ്യൂൾ പ്രകാരം കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

| | |
|---|---|
| **Govt./Aided/Govt. Controlled Self-financing Engineering Colleges** | **20.07.2010, 21.07.2010 & 22.07.2010** |
| **Private Self-financing Engineering Colleges** | **20.07.2010 & 21.07.2010** |
| **Govt./ Govt. Controlled Self-financing Medical Colleges for MBBS Course** | **21.07.2010, 22.07.2010 & 23.07.2010** |
| **All Colleges to furnish non-joining report to the CEE** | **26.07.2010** |

ഈ അലോട്ടുമെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെൻറ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ചേർന്നു പഠിക്കാൻ ബാധ്യസ്ഥരാണ്. ഈ കോളേജുകളിൽ പ്രവേശനം നേടാതെ സർക്കാർ സീറ്റുകൾ പാഴാക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 (c) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.

ഈ അലോട്ടുമെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ലഭിച്ചിട്ടുള്ള അലോട്ട്മെന്റ് ക്യാൻസൽ ചെയ്യാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.

സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിലേക്കുള്ള അലോട്ടുമെന്റ് പ്രക്രിയ തുടരുന്നതാണ്. മൗണ്ട് സയോൺ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി ഫോർ വിമെൻ **(MZW)**, ദേവകി അമ്മാസ് ഗുരുവായൂരപ്പൻ കോളേജ് ഓഫ് ആർക്കിടെക്ച്ചർ **(DGR)** എന്നീ കോളേജുകളിലേക്കുള്ള അലോട്ടുമെന്റ് പ്രവേശന പരീക്ഷാ കമ്മീഷണർ തുടരുന്നതാണ്.

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ, സർക്കാർ/സ്വാശ്രയ ഡെന്റൽ കോളേജുകൾ, സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആയുർവ്വേദ കോളേജുകൾ, ഹോമിയോപ്പതി, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കോഴ്സുകൾ എന്നിവയുടെ അലോട്ടുമെന്റിനെക്കുറിച്ചുള്ള വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471 2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
19.07.2010